# ദാമ്പത്യം മുൾക്കിരീടമായാൽ

***1954*** ലെ പ്രത്യേക വിവാഹനിയമവും 1955ലെ ഹിന്ദു വിവാഹനിയമവും ഭേദഗതിചെയ്യുന്ന ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ കേന്ദ്രമന്ത്രിസഭ തീരുമാനിച്ചിരിക്കുന്നു. വീണ്ടും യോജിക്കാനാവാത്ത വിധം തകർന്ന ദാമ്പത്യം വിവാഹമോചനത്തിന് മതിയായ കാരണമാണെന്നതാണ് നിർദിഷ്ട ഭേദഗതി. വ്യഭിചാരം, ക്രൂരത, ഉപേക്ഷിക്കൽ, മതപരിവർത്തനം, മാനസികാസ്വാസ്ഥ്യം, മാരകരോഗം, പകരുന്ന ലൈംഗികരോഗം, ജീവിച്ചിരിക്കുന്നതായി ഏഴുവർഷത്തിലേറെകാലം അറിയാതിരിക്കുക എന്നിവയിലേതെങ്കിലുമൊരു കാരണത്താലായിരുന്നു ഹിന്ദു വിവാഹനിയമത്തിൽ വിവാഹമോചനം അനുവദിച്ചിട്ടുള്ളത്. എന്നാൽ, ഇതിലേതെങ്കിലും കാരണം എടുത്തുപറയാനില്ലെങ്കിലും ദമ്പതികൾ തമ്മിലകന്നു പുനസ്സംയോജനം അസാധ്യമായ സാഹചര്യങ്ങളിൽ വിവാഹമോചനം അനുവദിക്കണമെന്ന് നിയമകമ്മീഷന്റെ 217-ാം റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. സുപ്രീംകോടതിയും രണ്ട് കേസുകളിൽ അത്തരമൊരു നിർദേശം മുന്നോട്ടു വെച്ചിരുന്നു. അതെല്ലാം പരിഗണിച്ചാണ് നിർദിഷ്ട നിയമഭേദഗതി. സംവത്സരങ്ങളോളം അനന്തമായി നീളുന്ന പരാജിത ദാമ്പത്യത്തിനും വേണമല്ലോ ഒരവസാനം.

പാശ്ചാത്യരിലും പൗരസ്ത്യരിലും ഒരുപോലെ വിവാഹമോചനം ആശങ്കാജനകമായി വർധിച്ചുവരികയാണ്. യാഥാസ്ഥിതിക കുടുംബഘടന നിലനിൽക്കുന്ന അറബിസമൂഹങ്ങളിൽപോലും 45 ശതമാനം വരെ വിവാഹമോചനനിരക്ക് ഉയർന്നിട്ടുണ്ടെന്നാണ് പഠന റിപ്പോർട്ട്. ഈഗോ ക്ലാഷ് എന്ന് പറയുന്ന തൻപ്രമാണിത്തമാണ് മിക്ക വിവാഹമോചനങ്ങളുടെയും കേന്ദ്രബിന്ദു. ദാമ്പത്യമെന്നാൽ വിട്ടുവീഴ്ചയുടെയും ഒത്തുതീർപ്പിന്റെയും കണ്ണ് ചിമ്മലിന്റെയും പേരാണ്. അച്ചടിച്ച നിയമങ്ങളുടെയും കണക്ക് ചോദ്യങ്ങളുടെയും പിടിവാശിയുടെയും പ്രതലത്തിൽ, രണ്ട് ഭിന്നപശ്ചാത്തലങ്ങളിൽനിന്നു വരുന്ന ഭാര്യാഭർത്താക്കന്മാർക്ക് ഒത്തുപോവാൻ കഴിയില്ല. സ്ത്രീയുടെ ഉയർന്ന വിദ്യാഭ്യാസവും തൊഴിലും തൻപ്രമാണിത്തത്തെ ശക്തിപ്പെടുത്തുന്നതിൽ വഹിക്കുന്ന പങ്ക് അവഗണിക്കാവതല്ല. പരിഹാരം പക്ഷെ സ്ത്രീക്ക് വിദ്യാഭ്യാസവും തൊഴിലും നിഷേധിക്കലല്ല. വിട്ടുവീഴ്ചയും സഹനവും ക്ഷമയും സ്ത്രീ പുരുഷന്മാരിൽ വളർത്തിയെടുക്കാൻ നിരന്തരം ബോധവത്കരിക്കുകയേ വഴിയുള്ളൂ.

എങ്ങിനെ ശ്രമിച്ചാലും ചിലർക്ക് ഇണങ്ങിപ്പോവാൻ കഴിഞ്ഞില്ലെന്ന് വരും. അത്തരക്കാരെ മുൾക്കിരീടം ചുമന്നു ജീവിതം നരകീയമാക്കാൻ നിർബന്ധിക്കുന്നതെന്തിന്? മനുഷ്യപ്രകൃതിയുടെ താൽപര്യം കണക്കിലെടുത്താണ് വിവാഹമെന്ന പോലെ വിവാഹമോചനവും ഇസ്‌ലാം ലളിതവും സുതാര്യവുമാക്കിയത്. പരസ്പരം നന്നായി മനസ്സിലാക്കിയും കണ്ടും തൃപ്തി വന്നതിൽ ശേഷമേ സ്ത്രീയും പരുഷനും വിവാഹബന്ധത്തിൽ ഏർപ്പെടേണ്ടതുള്ളൂ. വിവാഹബന്ധത്തിലാവട്ടെ പ്രഥമ പരിഗണന ആദർശ പൊരുത്തത്തിന് നൽകുകയും വേണം. ശരീരഘടനയും തറവാടും പണവും സ്റ്റാറ്റസുമൊക്കെ നോക്കി മാത്രം വിവാഹബന്ധത്തിലേർപ്പെട്ടാൽ ഏറെ കഴിയുന്നതിനു മുമ്പ് അസ്വാരസ്യങ്ങൾ മൂർഛിക്കും, ദാമ്പത്യം തകരും. അസ്വാരസ്യങ്ങൾ ഉടലെടുക്കുമ്പോഴേ പുരുഷൻ ലഘുവായ ശിക്ഷണ നടപടികളിലൂടെ ഭാര്യയെ നേർവഴിക്ക് കൊണ്ടുവരാൻ ശ്രമിക്കണം; സ്ത്രീ സ്നേഹമസൃണമായ പെരുമാറ്റത്തിലൂടെ പുരുഷനെയും. ദമ്പതികൾ തമ്മിൽ തീർക്കാൻ സാധ്യമല്ലാത്ത പതനത്തിലേക്ക് പിണക്കം വളർന്നാൽ ഇരുപക്ഷത്തെയും കുടുംബങ്ങളാണ് അനുരജ്ഞനത്തിന് മുൻകൈയെടുക്കേണ്ടത്. അതും വിഫലമായാലേ വിവാഹമോചനത്തിൻെറ പ്രഥമ ഘട്ടത്തെപ്പറ്റി ആലോചിക്കാവൂ. മോചനം വേണ്ടിവന്നാലും പുനരാലോചനക്ക് മൂന്നു മാസത്തെ സമയമുണ്ട്. ഇടവേളയിൽ ഭാര്യ പാർക്കേണ്ടതും ഭർത്താവിനോടൊപ്പംതന്നെ. പുനസ്സംയോജനത്തിനു ശേഷവും പിണങ്ങിപ്പിരിയേണ്ടി വന്നാൽ രണ്ടാംഘട്ട വിവാഹമോചനമാവാം. മുൻ പ്രക്രിയ ആവർത്തിക്കുവാനുള്ള അവസരമാണത്. മൂന്നാമത്തേതും അവസാനത്തേതുമായ ഘട്ടമാണ് എന്നെന്നേക്കുമായുള്ള വേർപിരിയൽ.

ഇനി സ്ത്രീക്കാണ് വിവാഹമുക്തി വേണ്ടതെങ്കിലോ? ഒരു വിധത്തിലും ഒത്തുപോവാൻ സാധ്യമല്ലെന്നാണെങ്കിൽ പുരുഷൻ തന്ന മഹർ തിരിച്ചുകൊടുത്തു അയാളോട് മോചനം ആവശ്യപ്പെടാം. ഭർതൃപീഡനമോ ജീവനാംശ നിഷേധമോ ദീർഘകാല ജയിൽവാസമോ മാറാരോഗമോ ഷണ്ഡത്വമോ ദീർഘകാല തിരോധാനമോ തെളിയിക്കാനായാൽ വിവാഹം ഏകപക്ഷീയമായി റദ്ദാക്കാം. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ ശരീഅത്ത് പരിചയപ്പെടുത്തിയ ഈ വ്യവസ്ഥകൾ എത്രമാത്രം മാനവികവും സുതാര്യവും പ്രായോഗികവുമാണ്! പക്ഷെ, ശരീഅത്തെന്നാൽ ബഹുഭാര്യത്വവും മുത്തലാഖും ചടങ്ങ് നിൽക്കലുമാണെന്ന് പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിച്ചത് മുസ്‌ലിം സമുദായത്തിന്റെ ചെയ്തികളാണ്. മതേതര സമൂഹമാകട്ടെ ഒരു ചുക്കും അറിയാതെ ശരീഅത്തിനെ പ്രതിക്കൂട്ടിൽ കയറ്റുകയും ചെയ്യുന്നു. എല്ലാ സമുദായങ്ങൾക്കും പൊതുവായ വിവാഹ-വിവാഹമോചന നിയമങ്ങളാവാമെങ്കിൽ ഇസ്‌ലാമിക ശരീഅത്തിന്റെ കുറ്റമറ്റ അധ്യാപനങ്ങൾ അതിന്നാധാരമാക്കാവുന്നതേയുള്ളൂ. പക്ഷെ, പലിശയുടെ കൊടുതികൾ വ്യക്തിയും സമൂഹവും വേണ്ടപോലെ അനുഭവിച്ചിട്ടും പലിശരഹിത സാമ്പത്തിക സംവിധാനത്തിന്റെ വിജയകരമായ മാതൃകകൾ നിരാകരിക്കാൻ ചിലരെ പ്രേരിപ്പിക്കുന്നത് അതിൻെറ ശരീഅത്ത് പശ്ചാത്തലമാണ്. അതുപോലെ, അന്ധമായ വിരോധവും മുൻവിധിയും ഇസ്‌ലാമിലെ വിവാഹ-വിവാഹമോചന വ്യവസ്ഥകളുടെ സ്വാംശീകരണത്തിന് തടസ്സമാവാം. സെക്യുലരിസത്തിന്റെ മുസ്‌ലിം നാമധാരികളായ ചാവേറുകളാവും എതിർപ്രചാരണത്തിന്റെ മുൻപന്തിയിൽ. ഏതായാലും ഒരു കാര്യം തീർത്തുപറയാം. സ്പെഷൽ മാര്യേജ് ആക്റ്റോ ഹിന്ദു വിവാഹമോ മാതൃകാ വിവാഹ-വിവാഹമോചന ചട്ടങ്ങളല്ല. നിർദിഷ്ട ഭേദഗതി അതിന് സ്പഷ്ടമായ സാക്ഷ്യം നൽകുന്നു.